**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221** — **22-01-2021 - ൽ മറുപടിയ്ക്ക്**

**സംഘടിത തൊഴിൽ മേഖലയിലെ ഇ.എസ്.ഐ. ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ.വി.അബ്ദുൾ ഖാദർ,<br>ശ്രീ. കെ. സുരേഷ് കുറുപ്പ് ,<br>ശ്രീ ഐ. ബി. സതീഷ് ,<br>ശ്രീ . പി . ഉണ്ണി** | | **Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സുപ്രീംകോടതി വിധിയുണ്ടായിട്ടും അർഹമായ നിരക്കിലുള്ള ഇ.പി.എഫ്. പെൻഷൻ ലഭ്യമാക്കുന്ന കാര്യത്തിൽ ഇ.പി.എഫ്. ഓർഗനൈസേഷനും കേന്ദ്രസർക്കാരും സ്വീകരിക്കുന്ന തൊഴിലാളി പ്രതികൂല നടപടി തിരുത്താൻ ആവശ്യപ്പെടാൻ സാധിക്കുമോയെന്നറിയിക്കുമോ; | (എ) | മുഴുവൻ ശമ്പളത്തിനും പെൻഷൻ കിട്ടുന്നതിനുള്ള ഓപ്ഷൻ ഒഴിവാക്കിക്കൊണ്ടും പെൻഷൻ കണക്കാക്കുന്നത് 12 മാസം ശരാശരി എന്നത് 60 മാസത്തെ ശരാശരി തുകയാക്കി ഉയർത്തിക്കൊണ്ടും എത്ര തന്നെ ശമ്പളം ഉണ്ടായാലും പെൻഷൻ ഫണ്ടിലേയ്ക്ക് 15,000 രൂപ നിജപ്പെടുത്തി മാത്രമേ അടയ്ക്കാവൂ എന്നുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 1/9/2014-ൽ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ കൊണ്ടുവന്ന എംപ്ലോയീസ് പെൻഷൻ (ഭേദഗതി) പദ്ധതിക്കെതിരെ കേരള ഹൈക്കോടതിയിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പുത്തനത്താണി ബ്രാഞ്ച് സീനിയർ മാനേജർ ശ്രീ.പി.ശശികുമാറും മറ്റ് 115 പേരും ചേർന്ന് W.P.(C) No.13120/15-ാം നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ 12/9/2018 ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായപ്രകാരം മേൽ ഭേദഗതിയും അനുബന്ധമായി പുറപ്പെടുവിച്ച ഉത്തരവുകളും ബഹു.കോടതി റദ്ദാക്കി. പൂർണ്ണ ശമ്പളത്തിന് ആനുപാതികമായി പെൻഷൻ ഫണ്ടിലേയ്ക്ക് വിഹിതമടച്ചാൽ തൊഴിലാളികൾക്ക് ഉയർന്ന പി.എഫ്. പെൻഷന് അർഹതയുണ്ടെന്നും ഇതിനായി കൂടിയ വിഹിതം അടയ്ക്കാൻ ഓപ്ഷൻ നല്കാവുന്നതാണെന്നും പെൻഷൻ കണക്കാക്കുന്നതിന് ആധാരമായ ശമ്പളം, ചട്ടഭേദഗതിയ്ക്ക് മുൻപുണ്ടായിരുന്നപോലെ വിരമിക്കുന്നതിന് മുൻപുള്ള 12 മാസത്തെ ശരാശരി കണക്കാക്കണമെന്നും ബഹു.കോടതി ഉത്തരവായി. മേൽ ഉത്തരവ് സ്വാഗതം ചെയ്ത് കൊണ്ടും ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് |

| | | | |
|---|---|---|---|
| | | | ബഹു. തൊഴിലും എക്.സൈസും വകുപ്പ് മന്ത്രി, ബഹു.കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയ്ക്ക് 17.10.18-ൽ കത്ത് നല്കുകയുണ്ടായി. എന്നാൽ മേൽ ഹൈക്കോടതി വിധിയ്ക്കെതിരെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ആയത് ബഹു.സുപ്രീം കോടതി തള്ളിയതിനെ തുടർന്ന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുമുണ്ട്. കേന്ദ്ര സർക്കാരും ഹൈക്കോടതി വിധിക്കെതിരായി ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം ഇപ്പോൾ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ കോടതി തീരുമാനത്തിന് വിധേയമായി മാത്രമേ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | കേന്ദ്രസർക്കാർ ഇ.എസ്.ഐ. കോർപ്പറേഷനെ സ്വകാര്യവൽക്കരിച്ച് പ്രസ്തുത സംവിധാനം ദുർബലപ്പെടുത്താൻ നടപടി ആരംഭിച്ചെന്ന തൊഴിലാളികളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് ഇ.എസ്.ഐ. സംവിധാനം വിപുലീകരിക്കാനും ശാക്തീകരിക്കാനും ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനെ സൊസൈറ്റി/ സ്റ്റേറ്റ് കോർപ്പറേഷൻ ആക്കി മാറ്റണമെന്ന ഇ.എസ്.ഐ കോർപ്പറേഷന്റെ നിർദ്ദേശത്തിൽ തൽസ്ഥിതി തുടരാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ആയത് കോർപ്പറേഷനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇ.എസ്.ഐ. സംവിധാനം വിപുലീകരിക്കാനും ശാക്തീകരിക്കാനും ഈ സർക്കാർ കൈക്കൊണ്ട നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്ത് സംഘടിത തൊഴിൽ മേഖലയിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ? | (സി) | സംസ്ഥാനത്ത് സംഘടിത തൊഴിൽ മേഖലയിലുള്ള പത്തോ അതിൽ കൂടുതലോ ജീവനക്കാർ തൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മാത്രമാണ് നിലവിൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. സംസ്ഥാനത്ത് പത്തിൽ താഴെ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ (Establishments/ Factories) തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും ഇ.എസ്.ഐ ആനുകൂല്യം ലഭ്യമാക്കുന്നതിന്, കേന്ദ്ര സർക്കാരിന് വിശദമായ പ്രൊപ്പോസലും, ESI Act-ൽ ആവശ്യമായ ഭേദഗതി വരുത്തി കരട് വിജ്ഞാപനം തയ്യാറാക്കി നൽകുവാനും ഇ.എസ്.ഐ. കോർപ്പറേഷൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള തുടർ നടപടികൾ ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് ഡയറക്ടർ തലത്തിൽ സ്വീകരിച്ചു വരുന്നു. 1.2.2017 മുതൽ ഇ.എസ്.ഐ. പദ്ധതി സംസ്ഥാന വ്യാപകമായി ബാധകമാക്കി. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചു.

ഇ.എസ്.ഐ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളിക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗമാകുന്ന ദിവസം മുതൽ tie-up ആശുപത്രികളിൽ Reasonable Medical Care വിഭാഗത്തിൽ ഉൾപ്പെടുത്തിയ സ്പെഷ്യാലിറ്റി ചികിത്സ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കടമ്പനാട്, കുലശേഖരപുരം, വടവാതൂർ, വിളക്കുടി ഇ.എസ്.ഐ ഡിസ്പെൻസറികൾ പുതിയതായി നിർമ്മിച്ച കെട്ടിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചു.

ഓരോ ഇ.എസ്.ഐ ആശുപത്രികളിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി പുതുതായി രൂപീകരിച്ചിട്ടുണ്ട്.

ആറ് ഇ.എസ്.ഐ ആശുപത്രികളിൽ 2019-2020 ലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി Level - 1 ഇന്റൻസീവ് കെയർ യൂണിറ്റുകൾ (ICU) സ്ഥാപിച്ചു വരുന്നു.

സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ ആശുപത്രികളിൽ ടോക്കൺ സിസ്റ്റം സ്ഥാപിച്ചു.

ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് സ്ഥാപിച്ചിട്ടുണ്ട്.

വിവിധ ആശുപത്രികളിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഓപ്പറേഷൻ ടേബിൾ ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടി പാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും ഇ.എസ്.ഐ ഡിസ്പെൻസറി ആശുപത്രി കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. മെഡിക്കൽ കോളേജിലെ 35% M.B.B.S സീറ്റുകൾ ഇ.എസ്.ഐ അർഹതയുള്ള തൊഴിലാളികളുടെ മക്കൾക്കായി നീക്കിവെച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

ഫെറോക്ക് ഇ.എസ്.ഐ ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എറണാകുളം ഇ.എസ്.ഐ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്.

റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

ഇ.എസ്.ഐ കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിലുൾപ്പെട്ടതും എന്നാൽ മരുന്ന് കമ്പനികൾ സമയത്ത് വിതരണം നടത്താത്തതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സെൻട്രൽ

മെഡിക്കൽ സ്റ്റോർ ആധുനികരീതിയിൽ നവീകരിച്ചു.

ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് സ്പെഷ്യൽ ഇന്റന്റ് സ്വീകരിച്ച് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്നു വിതരണം ചെയ്യുന്നു.

സ്പെഷ്യൽ ഇന്റന്റുവഴി ഇംപ്ലാന്റുകൾ, അപ്ലയൻസുകൾ എന്നിവയും വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

പത്തനംതിട്ട, കട്ടപ്പന, മുക്കം എന്നിവിടങ്ങളിൽ പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിച്ചു.

ഇ.എസ്.ഐ ഡിസ്പെൻസറികളിലെ ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർമാർക്ക് പാസാക്കാവുന്ന മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുക 2,000 രൂപയിൽ നിന്ന് 10,000 രൂപയായും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് 6,000 രൂപയിൽ നിന്ന് 25,000 രൂപയായി വർദ്ധിപ്പിച്ചും ജോയിന്റ് ഡയറക്ടർക്ക് 75,000 രൂപയായി നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചു.

വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

ഇ.എസ്.ഐ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനു വേണ്ടി ഹരിതമിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു.

പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ വഴി രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് 4 ഇ.എസ്.ഐ ആശുപത്രികളിൽ 'ഫുള്ളി ഓട്ടമേറ്റഡ് ബയോകെമിസ്ട്രി അനലൈസറുകൾ ' സ്ഥാപിച്ചു.

പേരൂർക്കട, ഫെറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റ്, മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് എന്നിവയുടെയും നിർമ്മാണം പുരോഗമിച്ചു വരുന്നു.

രണ്ട് ആശുപത്രികളിൽ ഹെമറ്റോളജി അനലൈസറുകൾ സ്ഥാപിച്ചു.

എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും ഹെൽപ് ഡെസ്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ഉച്ചക്ക് ശേഷവും ലബോട്ടറി സൗകര്യം ലഭിക്കുന്നതിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

2020–2021 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ആശുപത്രികളിൽ പവർ ലോൺട്രി, സി.സി.ടി.വി, മൂന്ന് ആശുപത്രികളിൽ ഐ.സി.യു എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

തോട്ടട ഇ.എസ്.ഐ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.

ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത IVF ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.